# പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2016-2019)

**രണ്ടാമത് റിപ്പോർട്ട്**

(2017 മാർച്ച് 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(കോട്ടയം ജില്ലയിലെ കോട്ടമല കറിഞ്ഞിക്കുമ്പൻ മലനിരകളിലെ പാറഖനനവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി

(2016-2019)

## രണ്ടാമത് റിപ്പോർട്ട്

(2017 മാർച്ച് 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(കോട്ടയം ജില്ലയിലെ കോട്ടമല കറിഞ്ഞികുമ്പൻ മലനിരകളിലെ പാറഖനനവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്)

324/2017.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| അവതാരിക | | .. | vii |
| ആമുഖം | | .. | ix |
| അദ്ധ്യായം I | : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II | : സമിതിയുടെ ശിപാർശകൾ | .. | 5 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. മുല്ലക്കര രത്നാകരൻ.

അംഗങ്ങൾ :

ശ്രീ. അനിൽ അക്കര

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. ഒ. ആർ. കേളു

ശ്രീ. പി. ടി. എ. റഹീം

ശ്രീ. കെ. എം. ഷാജി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എം. വിൻസെന്റ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. എസ്. അനസ്, അഡീഷണൽ സെക്രട്ടറി

ശ്രീ. രാജു. കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ് കുമാർ., അണ്ടർ സെക്രട്ടറി.

# അവതാരിക

കോട്ടയം ജില്ലയിലെ കോട്ടമല-കുറിഞ്ഞി-കൂമ്പൻ മലനിരകളിലെ പാറഖനനവുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച്, ബന്ധപ്പെട്ട വകുപ്പുകളുമായി നടത്തിയ ചർച്ചയുടെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിലുള്ള സമിതിയുടെ നിഗമനങ്ങളും അതിൻപ്രകാരമുള്ള ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2017 മാർച്ച് 6-ന് കൂടിയ സമിതിയോഗം അംഗീകരിച്ചു.

മുല്ലക്കര രത്നാകരൻ,
അദ്ധ്യക്ഷൻ,
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 മാർച്ച് 6.

# ആമുഖം

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം പൊതുസമൂഹത്തിന്റെ ചർച്ചയും ശ്രദ്ധയിലേക്കും സംക്രമിപ്പിക്കുന്നതിൽ പ്രാദേശിക പരിസ്ഥിതി സംരക്ഷണ യത്നങ്ങൾ എക്കാലത്തും സഹായകരമായിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങളിൽ സമൂഹത്തിന്റെ മനസ്സിനോടൊപ്പം ചേർന്നുനിൽക്കേണ്ടത് ജനാധിപത്യ വ്യവസ്ഥയുടെ പരമപ്രധാന ഘടകമായ നിയമസഭയുടെ ചുമതലയാണ്. കാവുകൾ, പുഴകൾ, നെൽവയലുകൾ, തണ്ണീർത്തടങ്ങൾ തുടങ്ങി പരിസ്ഥിതി സംബന്ധിച്ച വിഷയങ്ങളിൽ രാജ്യത്തിനാകെ മാതൃകയായി മാറിയ നിയമനിർമ്മാണങ്ങളാണ് കേരള നിയമസഭയുടേത്. 2017-ൽ രജത ജൂബിലി ആഘോഷിക്കുന്ന പരിസ്ഥിതി സംബന്ധിച്ച സമിതി, പരിസ്ഥിതി പ്രശ്നങ്ങളിൽ സജീവവും ക്രിയാത്മകവുമായ ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്.

കേരളത്തിലെ പരിസ്ഥിതി സംരക്ഷണ പരിപാടികളിൽ എക്കാലവും ശ്രദ്ധേയമായ പ്രാദേശിക ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. ഇപ്രകാരമുള്ള ഇടപെടൽ അടിയന്തരമായി ആവശ്യപ്പെടുന്ന പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശമാണ് കോട്ടയം ജില്ലയിലെ കോട്ടമല, കറിഞ്ഞി, കുമ്പൻ മലനിരകൾ. ഈ പ്രദേശത്തെ പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടിയുള്ള ജനകീയ സമരങ്ങളും പ്രക്ഷോഭങ്ങളും എടുത്തു പറയേണ്ടതാണ്. ഭൂമിശാസ്ത്രപരമായ ഘടന, ജൈവവൈവിധ്യം, ആവാസവ്യവസ്ഥ എന്നിവ ഉൾപ്പെടെയുള്ള പാരിസ്ഥിതിക ഘടകങ്ങളെ അടിസ്ഥാനമാക്കി നടന്ന പഠനങ്ങളും പരിശോധനകളും ഇത് ഒരു പരിസ്ഥിതിലോല മേഖലയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ വകുപ്പുകളും ഏജൻസികളും ഈ പ്രദേശത്തിന്റെ പരിസ്ഥിതി പ്രാധാന്യവും പ്രകൃതി ദുരന്ത സാധ്യതകളും ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. കോട്ടമല, കറിഞ്ഞി, കുമ്പൻമലനിരകളിലെ പരിസ്ഥിതി പ്രശ്നങ്ങളിൽ ഈ സമിതിയുടെ അടിയന്തര ഇടപെടൽ ആവശ്യമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടതിനാലാണ് സമിതി ഇക്കാര്യം അടിയന്തരമായി പഠന വിധേയമാക്കിയത്.

വിവിധ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവരുമായി സമിതി നടത്തിയ ചർച്ചയുടെയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരും, വിഷയ വിദഗ്ദ്ധരും, തദ്ദേശീയരുമായി നടത്തിയ സ്ഥല സന്ദർശനത്തിന്റെയും ഫലമായി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കോട്ടമല കറിഞ്ഞികുമ്പൻ മലനിരകളിലെ പാറഖനനവുമായി ബന്ധപ്പെട്ട് സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

അദ്ധ്യായം I

# റിപ്പോർട്ട്

പ്രകൃതി സമ്പത്തിന്റെ അമിതവും അനിയന്ത്രിതവുമായ ചൂഷണം കേരളത്തിലെ പരിസ്ഥിതിക്കും ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയ്ക്കും വളരെയധികം പ്രത്യാഘാതങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ചുറ്റുപാടിലാണ് നാം ജീവിക്കുന്നത്. സംസ്ഥാനത്ത് നിയമാനുസൃതമല്ലാത്ത ധാരാളം കരിങ്കൽ ക്വാറികളും മെറ്റൽ ക്രഷറുകളും പ്രവർത്തിച്ച് വരുന്നു. പ്രസ്തുത ക്വാറികൾ പ്രത്യക്ഷമായും പരോക്ഷമായും ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും സമൂഹത്തിന് ഒരു വൻ വെല്ലുവിളിയായി തീർന്നിരിക്കുകയാണ്. പല സ്ഥലങ്ങളിലും ക്വാറികളുടെ പ്രവർത്തനംമൂലം ജലസ്രോതസ്സുകളിലെ വെള്ളത്തിന്റെ അളവ് കുറയുകയും ജലം കിട്ടാതെ വരികയും ചെയ്യുന്നു. ഖനനം മൂലമുണ്ടാകുന്ന ഗർത്തങ്ങൾ ജീവന് നിരന്തര ഭീഷണി ഉയർത്തിക്കൊണ്ട് നികത്തപ്പെടാതെ കിടക്കുകയും അപകടങ്ങൾക്കിടയാക്കുകയും ചെയ്യുന്നു. ക്രഷർ യൂണിറ്റുകളിൽ നിന്നുള്ള പൊടിപടലങ്ങൾ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കിടയാക്കുന്നുണ്ട്. ഡ്രെയിനേജ് സംവിധാനം കാര്യക്ഷമമല്ലാത്ത പാറമടകളിൽ നിന്നും പാറപ്പൊടി ഒഴുകി കൃഷിയിടങ്ങളും മറ്റും നശിക്കുകയും ചെയ്യുന്നു. പാറമടകളുടെ പ്രവർത്തനം മൂലം സമീപമുള്ള റോഡുകൾ താറുമാറാകുന്നത് സാധാരണ ജനങ്ങളുടെ ഗതാഗതസൗകര്യം ബുദ്ധിമുട്ടിലാക്കുന്നു. ഉഗ്രശേഷിയുള്ള സ്ഫോടനം നടത്തി പാറ പൊട്ടിക്കുന്നതുമൂലമുണ്ടാകുന്ന ശബ്ദ മലിനീകരണം ജനങ്ങളുടെ സ്വൈര ജീവിതത്തിന് തടസ്സമുണ്ടാക്കുന്നു.

കോട്ടമല, കുറിഞ്ഞി, കുമ്പൻ മലനിരകളിലെ പാറഖനനം ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് വ്യക്തികൾ/സന്നദ്ധ സംഘടനകൾ എന്നിവരിൽ നിന്നും പരാതികൾ സമിതിക്ക് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത പ്രദേശം സംബന്ധിച്ച് സമഗ്ര പഠനം നടത്താൻ സമിതി തീരുമാനിച്ചത്.

സമിതിക്ക് ലഭിച്ച പരാതികളിലെ മുഖ്യമായ വിഷയങ്ങൾ താഴെപ്പറയുന്നവയാണ്:

1. കോട്ടമലയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പാറമടയും ക്രഷർ യൂണിറ്റും അതീവ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും പ്രകൃതി ദുരന്തത്തിനും കാരണമാവും.

2. ഖനന പ്രവർത്തനങ്ങൾ കോട്ടയം ജില്ലയുടെ ആവാസവ്യവസ്ഥയെയും കോട്ടമലയിൽ നിന്ന് ഉത്ഭവിക്കുന്ന മീനച്ചിലാറിന്റെയും അതിനോടനുബന്ധമായി സർക്കാർ മുതൽമുടക്കി സംരക്ഷിക്കുന്ന നിത്യഹരിത വനമായ കുറിഞ്ഞിക്കാവിന്റെ സംരക്ഷണത്തെയും സാരമായി ബാധിക്കും.

3. മീനച്ചിലാറിന്റെ ജലസമ്പത്തിന്റെ ഭൂരിഭാഗവും സംഭാവന ചെയ്യുന്ന കോട്ടമലയിലെ നീരുറവകൾ ഇല്ലാതായാൽ രാമപുരവും പരിസരപ്രദേശങ്ങളും കൊടിയ വരൾച്ചയെ നേരിടേണ്ടിവരും.

4. കോട്ടമലയിൽ അഞ്ച് നീരൊഴുക്കുകൾ ഉള്ളതായി കേന്ദ്രസർക്കാരിന്റെ പഠന ഭൂപടങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നീരൊഴുക്കുകളെ തടഞ്ഞുകൊണ്ട് അനധികൃതമായി നിർമ്മിക്കുന്ന മതിൽ പ്രദേശത്ത് കടുത്ത കുടിവെള്ള ക്ഷാമത്തിന് കാരണമാകും.

5. ഇവിടെയുണ്ടായ ഉരുൾപൊട്ടലിന്റെ ഫലമായി ഇരുന്നൂറോളം ഏക്കർ സ്ഥലം കൃഷിക്ക് യോജ്യമല്ലാതാകുകയും നൂറുകണക്കിന് കുടുംബങ്ങൾക്ക് ക്ലേശങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

6. കോട്ടമലയിൽ പാറഖനനം ആരംഭിച്ചാൽ ജലസ്രോതസ്സുകൾ വറ്റുകയും പൊടിപടലങ്ങളാൽ അന്തരീക്ഷ മലിനീകരണം സംഭവിക്കുകയും പരിസര പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളിൽ ആരോഗ്യപ്രശ്നങ്ങളുണ്ടാകുകയും ചെയ്യും.

7. ക്വാറി പ്രവർത്തനങ്ങളുടെ പ്രത്യാഘാതമായി വലിയ പാറക്കല്ലുകൾ താഴെയുള്ള ജനവാസകേന്ദ്രങ്ങളിൽ പതിക്കുകയും ജനങ്ങളുടെ ജീവനും സ്വത്തിനും കനത്ത നാശനഷ്ടം സംഭവിക്കുകയും ചെയ്യും.

സ്ഥലസന്ദർശനത്തിനു മുന്നോടിയായി ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങൾ ആരായുന്നതിനായി 30-12-2016-ന് സമിതി കോട്ടയം ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരുകയും തദ്ദേശസ്വയംഭരണം, പരിസ്ഥിതി, ജലവിഭവം, ആരോഗ്യകുടുംബക്ഷേമം, റവന്യൂ, കാർഷിക വികസന-കർഷകക്ഷേമം, ആഭ്യന്തരം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയുമുണ്ടായി. പരാതികളിൽ ഉന്നയിച്ചിരുന്ന വിഷയങ്ങളെ സംബന്ധിച്ച സമിതിയുടെ അന്വേഷണങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പൊതുജനങ്ങളിൽനിന്നും ഉണ്ടായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമിതി പരിശോധിക്കുകയുണ്ടായി.

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ പഠനപ്രകാരം പ്രസ്തുത പ്രദേശം ഭ്രംശമേഖലയിൽ ഉൾപ്പെടുന്നതാണ്. ഭൂകമ്പത്തിനും ഉരുൾപൊട്ടലിനും സാധ്യതയുള്ളതാണെന്ന് ഇന്ത്യൻ മിറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റിന്റെ കറന്റ് സയൻസിൽ വിശദമായി പറയുന്നുമുണ്ട്. സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ സമിതിയുടെ റിപ്പോർട്ട് പ്രകാരമാണ് 45°-യിൽ കൂടുതൽ ചരിവുള്ള കോട്ടമലയിൽ ഖനനാനുമതി നൽകിയിട്ടുള്ളതെന്ന് സമിതി വിലയിരുത്തി. 20 ഡിഗ്രിയിൽ കൂടുതൽ ചരിവുള്ള ചെങ്കുത്തായ മലയാണെന്ന കാരണത്താൽ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ സമിതി കോഴിക്കോട്ടുള്ള പൊടിയൂർ വില്ലേജിൽ ഖനനാനുമതി നിഷേധിച്ചിരുന്ന കാര്യവും സമിതി മനസ്സിലാക്കുന്നു. സ്ഥലം സന്ദർശിക്കാതെ ഗൂഗിൾ മാപ്പ് നോക്കി എത്തിച്ചേരുന്ന നിഗമനത്താലാകണം പരിസ്ഥിതി ആഘാത നിർണ്ണയ സമിതി പാറഖനനത്തിനും മറ്റും അനുമതി നൽകുന്നതെന്ന് സമിതി വിലയിരുത്തുന്നു.

ഇടുക്കി ജില്ലയിലെ പുറപ്പുഴ പഞ്ചായത്തുമായി അതിർത്തി പങ്കിടുന്ന പ്രദേശമായ കോട്ടമല ഏറ്റവും കൂടുതൽ ഇടിമിന്നലുണ്ടാകാൻ സാധ്യതയുള്ള പ്രദേശമായി ഡിസാസ്റ്റർ മാനേജ്മെന്റിന്റെ നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രദേശത്തെ ഖനനംമൂലം ഇടിമിന്നലിന്റെ ആഘാതം കൂടുതലായി വരുമെന്നതിനാൽ ജനങ്ങൾക്കും കൃഷിക്കും വൻതോതിൽ നാശനഷ്ടം സംഭവിക്കാൻ സാധ്യതയുണ്ടെന്ന് സമിതി വിലയിരുത്തുന്നു. കോട്ടമലയിൽ പാറഖനനം ആരംഭിക്കുന്നതിനെതിരെ രൂപീകരിച്ച സമര സമിതി അംഗങ്ങളെ റവന്യൂ വകുപ്പ് അധികാരികളും പോലീസും ഭീകരരോടെന്നപോലെ പെരുമാറുകയും കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുള്ള സംഭവവും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. കോട്ടമലയിൽ നിന്നും ഉത്ഭവിക്കുന്ന കരിയിലത്തോട് കടന്നു പോകുന്ന കടനാട് പഞ്ചായത്തിലെ 7 വാർഡുകളിലായി 9 തടയണകൾ നിർമ്മിച്ച് പരിപാലിച്ചു വരുന്ന നീരൊഴുക്കിന് തടസ്സം സംഭവിച്ചാൽ കടനാട് പഞ്ചായത്തിലെ ജല സമൃദ്ധമായ പ്രദേശങ്ങൾ വറ്റിവരളുകയും ആ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമവും ജലസേചനത്തിനുള്ള ജല ദൗർലഭ്യവും ഉണ്ടാകുകയും ചെയ്യുമെന്നും സമിതി വിലയിരുത്തി.

കോട്ടമലയിൽ ചെറുതും വലുതുമായ പല ആഘാതങ്ങളും ഉണ്ടായപ്പോൾ റവന്യൂ വകുപ്പ് ഇത് സംബന്ധിച്ച പഠനം നടത്തി അപകട ഭീഷണിയുള്ള പാറകൾ പൊട്ടിച്ച് തീർക്കുന്നതിന് അടങ്കൽതുക തയ്യാറാക്കി സർക്കാരിലേക്ക് നിർദ്ദേശം സമർപ്പിച്ചുവെങ്കിലും ആയതിന് സഹായം ലഭ്യമായിട്ടില്ലെന്ന് സമിതി കണ്ടെത്തി. പാറഖനനത്തിന് അനുമതി

നൽകിയിരിക്കുന്നത് ഇടുക്കി ജില്ലയിലാണെന്നും എന്നാൽ ഖനനം നടത്തുന്ന പ്രദേശം കോട്ടയം ജില്ലയിൽപ്പെട്ടതും അതിന്റെ എക്സ്പ്ലോസീവ് മാഗസിൻ സ്ഥാപിച്ചിരിക്കുന്നത് ഇടുക്കി ജില്ലയിലുമാണെന്നതും സമിതിയുടെ ശ്രദ്ധയിൽപെട്ടു.

2015-ൽ കോട്ടമലയിൽ പാറപൊട്ടി ജനങ്ങൾക്ക് ജീവനും സ്വത്തിനും നാശമുണ്ടായതിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ജിയോളജി, പോലീസ് വകുപ്പുകൾ ചേർന്ന് കോട്ടമലയിൽ സന്ദർശനം നടത്തുകയും അവിടെ പാറഖനനം ഉണ്ടായാൽ ആളുകളുടെ ജീവനും സ്വത്തിനും അപായമുണ്ടാകുമെന്ന രീതിയിൽ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു. പാറ ഖനനാനുമതി തേടി ബന്ധപ്പെട്ടവർ പിന്നീട് കോടതികളെ സമീപിക്കുകയുണ്ടായി. പാരിസ്ഥിതിക അനുമതിയുടെ കാര്യം പഞ്ചായത്തിന് പരിശോധിക്കാമെന്നും അത് ലഭിക്കുന്നമുറയ്ക്ക് അനുമതി നൽകാമെന്നുമാണ് ബഹു. സുപ്രീം കോടതി വിധിയിൽ പറഞ്ഞിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി മനസ്സിലാക്കി. പാറ പൊട്ടിക്കുന്നതിനുള്ള അനുമതി പഞ്ചായത്ത് നൽകുകയും തുടർന്ന് പ്രദേശവാസികൾ സമരത്തിനിറങ്ങുകയും ചെയ്ത കാര്യവും പത്രമാധ്യമങ്ങളിലൂടെ സമിതി മനസ്സിലാക്കിയിട്ടുള്ളതാണ്. അതിനെതിരെ കോട്ടയം കളക്ടറേറ്റിൽ വച്ച് ചേർന്ന യോഗത്തിൽ കറിഞ്ഞി-കുമ്പൻ-കോട്ടമലകളെ സംബന്ധിച്ച് നൂറിലധികം പരാതികൾ സമിതിക്ക് ലഭിച്ചു. അവയെല്ലാം തന്നെ സ്ഥലത്തെ പാറ ഖനനത്തിനെതിരെയും, മലയും, നീരുറവകളും, പച്ചപ്പും കൃഷിയിടങ്ങളും സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ളവയുമാണ്.

യോഗാനന്തരം സമിതി കോട്ടമല സന്ദർശിച്ചു. മലയുടെ മുകൾഭാഗം നെറ്റ് കെട്ടി പല ഭാഗങ്ങളായി തിരിച്ചിരുന്നുവെന്നും മറുഭാഗത്ത് മരങ്ങളൊന്നുമില്ലാതെ തരിശായി കിടക്കുന്നതായും വേറൊരു ഭാഗത്ത് പൈനാപ്പിൾ കൃഷി നടത്തുന്നതായും കണ്ടു. വലിയ ഉരുളൻ പാറക്കെട്ടുകൾ മലയുടെ ചരിവുകളിൽ മരങ്ങളുടെ വേരിൽ തട്ടി നിൽക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. തുടർന്ന് സമിതി കോട്ടമലയുടെ അടിവാരത്തേക്ക് പോകുകയും മലയുടെ മുകളിൽ നിന്നും താഴേക്ക് പതിച്ച് പൊട്ടിച്ചിതറിയ പാറകൾ കാണുകയും ചെയ്തു. ഈ പ്രദേശം ഗാഡ്ഗിൽ റിപ്പോർട്ടിലെ സോൺ-2-ൽപ്പെട്ടതാണെന്നും കരിയിലത്തോട് വാട്ടർഷെഡ് പ്രോജക്ടിനായി സർക്കാർ 7 കോടി രൂപ അനുവദിച്ച നടപ്പിലാക്കുന്നുണ്ടെന്നും സ്ഥലവാസികൾ അറിയിച്ചു.

തുടർന്ന് സമിതി കോട്ടമലയുടെ മുകൾ ഭാഗമായ വെള്ളംനീക്കിപ്പാറയിലേക്ക് യാത്ര തിരിക്കുകയും മലയുടെ മുകൾ ഭാഗത്തേക്ക് കയറുംതോറും വലിയ ഉരുളൻ പാറകൾ മരങ്ങളുടെ വേരിൽ തങ്ങി നിൽക്കുന്നതായും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. അവിടെ കരിങ്കല്ലിൽ നിർമ്മിതമായ കോട്ടയം-ഇടുക്കി ജില്ലകളെ തമ്മിൽ വേർതിരിക്കുന്ന അരമതിൽ കാണപ്പെടുകയും അതിൽ ഇടുക്കി ജില്ലയിൽപ്പെടുന്ന സ്ഥലത്ത് 'Explosive Magazine' എന്ന ബോർഡും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു.

വിഷയം സംബന്ധിച്ച് സമിതി നടത്തിയ വിവിധ ചർച്ചകളുടെയും സ്ഥല സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ സമിതി താഴെപ്പറയുന്ന ശിപാർശകൾ നൽകുന്നു:

അദ്ധ്യായം II

## ശിപാർശകൾ

1. സാധാരണ ഗതിയിൽ 45 ഡിഗ്രിയിലധികം ചരിവുള്ള പ്രദേശത്തെ ഖനന പ്രവർത്തനങ്ങൾക്ക് അനുവാദം കൊടുക്കുകയാണെങ്കിൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. ആയതിനാൽ 60 ഡിഗ്രിയിലധികം ചരിവുള്ള കോട്ടമല പ്രദേശത്ത് പാറ ഖനനാനുമതി നൽകിയത് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. റവന്യൂ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിച്ച് ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി പ്രദേശത്തെ സംരക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. കുറിഞ്ഞിക്കുമ്പൻ, കോട്ടമല, കുരുവൻകുന്ന് മല നിരകളെ ഹരിത ടൂറിസം മേഖലയായി പ്രഖ്യാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. കുറിഞ്ഞിക്കുമ്പൻ കോട്ടമലകളിലെ ദുരന്ത സാധ്യതകളെക്കുറിച്ച് പഠിക്കുകയും പ്രസ്തുത മേഖലയെ ദുരന്തസാധ്യതാ മേഖലയായി പ്രഖ്യാപിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. ഈ പ്രദേശം പരിസ്ഥിതി ലോല പ്രദേശമായി വിജ്ഞാപനം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. പ്രകൃതിക്ഷോഭം മൂലമോ മറ്റോ അത്യാഹിതങ്ങൾ ഉണ്ടാവുകയാണെങ്കിൽ ആയത് നേരിടുന്നതിന് പ്രദേശവാസികളെ ഉൾക്കൊള്ളിച്ച് പരിശീലനം നേടിയ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. പ്രസ്തുത മേഖലയിൽ ചെറിയ പ്രകമ്പനമോ ശക്തിയായ മഴയോ പെയ്താൽപോലും കല്ലുകൾ താഴേയ്ക്ക് പതിക്കുവാൻ സാധ്യതയുള്ളതിനാൽ ഈ പ്രദേശത്തെ പ്രത്യേക പരിസ്ഥിതി മേഖലയായി പ്രഖ്യാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. പ്രസ്തുത മേഖലയിൽ പരിസ്ഥിതി ആഘാതത്തിന് കാരണമായേക്കാവുന്ന എല്ലാ പ്രവർത്തനങ്ങളും ഉടൻ നിരോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. ഈ പ്രദേശത്ത് പുതിയ വീടുകൾക്ക് അനുമതി നൽകുന്ന കാര്യത്തിൽ പ്രദേശത്തിന്റെ പാരിസ്ഥിതിക സവിശേഷത, ദുരന്ത സാധ്യത എന്നിവകൂടി കണക്കിലെടുത്ത് പഞ്ചായത്ത് പരിശോധന നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. അപകട സാധ്യതയെക്കുറിച്ചുള്ള ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നത് വരെ പ്രദേശത്തെ എല്ലാ ഖനന പ്രവർത്തനങ്ങളും നിർത്തിവയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശ പ്രകാരം കുറിഞ്ഞി, കുമ്പൻ, കോട്ടമല പ്രദേശത്തിനായി ദുരന്തനിവാരണ പദ്ധതി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 മാർച്ച് 6.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.